# SAVE BSNL  SAVE NATION
## BSNL EMPLOYEES UNION
## KERALA CIRCLE

### പ്രതിസന്ധികളിൽ നമ്മോടൊപ്പം നിന്നവർ ആര്?

* ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ 1946 പോസ്റ്റൽ ജീവനക്കാർ നടത്തിയ ഐതിഹാസികമായ പണിമുടക്കിന് പിന്തുണ പ്രഖ്യാപിച്ചവർ ഇടതുപക്ഷ പാർട്ടികൾ.

* ആവശ്യാധിഷ്ഠിത മിനിമം വേതനം എന്ന മുദ്രാവാക്യമുയർത്തി കേന്ദ്ര ഗവൺമെന്റ് ജീവനക്കാർ 1960 ൽ നടത്തിയ പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാർക്കെതിരെ നെഹ്റു ഗവൺമെന്റ് സ്വീകരിച്ച പ്രതികാര നടപടികൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പാർലമെന്റിനകത്തും പുറത്തും നടന്ന പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്തത് സ: എ.കെ. ഗോപാലൻ. തുടർന്ന് പ്രതികാര നടപടികൾ പിൻവലിച്ചു.

* 1968 സെപ്തംബർ 19 ന്റെ ഏകദിന പണിമുടക്ക് അടിച്ചമർത്താൻ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ESMA ഉൾപ്പെടെയുള്ള കിരാത നടപടികൾ നടപ്പാക്കാത്ത ഏക സംസ്ഥാനം കേരളം. കേരളത്തിലെ ഭരണത്തിന് നേതൃത്വം നൽകിയിരുന്നത് ഇ.എം.എസ്. നമ്പൂതിരിപ്പാട്.

* കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് ബോണസ് നൽകണമെന്ന് ആവശ്യപ്പെട്ട് 1974 ൽ നടന്ന ബോണസ് സമരത്തെ സഹായിച്ചവർ ഇടതു എം.പി.മാരും ഇടതുപക്ഷ പാർട്ടികളും.

* ശ്രീ.ചരൻസിംഗ് ഗവൺമെന്റിന് പിന്തുണ പ്രഖ്യാപിച്ചപ്പോൾ ഇടതുപക്ഷ പാർട്ടികൾ മുന്നോട്ടുവച്ച ഡിമാന്റുകളിൽ ഒന്ന് കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് ബോണസ്സ് അനുവദിക്കണമെന്നതാണ്.  ഇതിന്റെ അടിസ്ഥാനത്തിൽ 1979 ൽ ആ ഗവൺമന്റ് കേന്ദ്ര ജീവനക്കാർക്ക് ബോണസ് അനുവദിച്ചു.

* 5-ാം ശമ്പളപരിഷ്കരണത്തിൽ ഏറ്റവും ഉയർന്ന ഫിറ്റ്മെന്റ് ആനുകൂല്യം (40%) ലഭിച്ചത് ഇടതുപക്ഷത്തിന്റെ പിന്തുണയോടെ ഭരിച്ച ഐക്യമുന്നണി സർക്കാരിൽ നിന്ന്.

* ബോണസിന്റ പരിധി എടുത്തുകളയണമെന്ന ജീവനക്കാരുടെ ആവശ്യം അംഗീരിച്ചത് ഇടതുപക്ഷത്തിന്റെ പിന്തുണയോടെ ഭരിച്ച ഐക്യമുന്നണി ഗവൺമെന്റ (1996)

* ബി.എസ്.എൻ.എൽ. രൂപീകരണം സ്വകാര്യവൽക്കരണത്തിനു മുന്നോടിയാണ് എന്ന് മുന്നറിയിപ്പ് നൽകിയവർ ഇടതുപക്ഷം.

* ബി.എസ്.എൻ.എൽ. ന്റെ ഓഹരി വില്പനശ്രമങ്ങളെ പാർലമെന്റിൽ പ്രതിരോധിച്ചവർ ഇടതുപക്ഷ എം.പി.മാർ.

* പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും പാർലമെന്റിൽ ശബ്ദമുയർത്തുന്നവർ ഇടതുപക്ഷം.

**ബി.എസ്.എൻ.എൽ. പൊതുമേഖലയിൽ സംരക്ഷിക്കാൻ**
**ഇടതുപക്ഷത്തിന്റെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുക**